**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1981** **04.05.2017-ൽ മറുപടിയ്ക്ക്**

## സംയോജിത സഹകരണ വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ. സി.കൃഷ്ണൻ**<br>**ശ്രീ. ഡി.കെ. മുരളി**<br>**ശ്രീ. പി. ഉണ്ണി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഒരു പ്രദേശത്തിന്റെ സമഗ്രവികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം കാർഷികവും അനുബന്ധ മേഖലകളിലുമുള്ള ഉത്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനം നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തൽ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവ വിഭവ ശേഷി വികസനത്തിനുള്ള പരിശീലനം നൽകൽ എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | ഏതെല്ലാം ജില്ലകളിലാണ് സംയോജിത സഹകരണ വികസന പദ്ധതി നടപ്പിലാക്കി വരുന്നത്; | (സി) | ഇടുക്കി, പാലക്കാട്, എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. തൃശ്ശൂർ ജില്ലയിൽ ഉടൻ പ്രവർത്തനം ആരംഭിക്കും. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ മാനവശേഷി വികസനം, പരിശീലനം, പ്രോത്സാഹനം എന്നിവയ്ക്ക് സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | മാനവ ശേഷി വികസനം, പരിശീലനം, പ്രോത്സാഹനം, എന്നിവയ്ക്ക് സംയോജിത സഹകരണ വികസന പദ്ധതിയിൽ സബ്സിഡി തുക വകയിരുത്തിയിട്ടുണ്ട്. പ്രൊജക്ട് ഇംപ്ലിമെൻറേഷൻ ടീം നേരിട്ട് പരിശീലന പരിപാടികൾക്ക് ടി തുകയിൽ നിന്നും ചിലവഴിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ